LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം

186(1171) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകാലശാലകളിൽനിന്നും പെൻഷൻ ആയവരുടെ പെൻഷൻ പതിനൊന്നാം ശമ്പള കമ്മീഷനോട് അനുബന്ധമായ രീതിയിൽ പരിഷ്കരിക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് സർവ്വകലാശാലകൾ സ്വന്തം റിസോഴ്സസ്സിൽനിന്നും കണ്ടെത്തണമെന്ന സർക്കാർ ഉത്തരവുണ്ടോ?

സ.ഉ.(അ) നമ്പർ 87/2021/ധന 24-6-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അപ്രകാരമുള്ള അധികച്ചെലവ് സർവ്വകലാശാലകൾക്ക് ഏത് റിസോഴ്സസ് ഇനത്തിൽനിന്നും കണ്ടെത്താൻ കഴിയുമെന്ന് അറിയിക്കുമോ?

സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകൾ/ആഡിറ്റ് വകുപ്പ് പ്രതിനിധികളുമായി നടത്തിയ അവലോകനയോഗത്തിൽ ഓരോ സർവ്വകലാശാലകളിലും വിവിധ അക്കൗണ്ടുകളിലായി പെൻഷൻ നൽകുന്ന ആവശ്യത്തിലേയ്ക്കായി മതിയായ തുക നീക്കിയിരിപ്പുണ്ടെന്ന് കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് സമർപ്പിച്ച രേഖകളിൽനിന്നും വ്യക്തമായിട്ടുണ്ട്. ടി തുകയിൽനിന്നും സർവ്വകലാശാലകളിലെ വിരമിച്ച പെൻഷൻകാർക്ക് പതിനൊന്നാം ശമ്പള കമ്മീഷനോട് അനുബന്ധമായ രീതിയിൽ പെൻഷൻ പരിഷ്കരിക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് കണ്ടെത്താവുന്നതാണ്.

(സി) സർവ്വകശാലകളുടെ ഇത്തരത്തിലുള്ള അധിക ചെലവ് നോൺ പ്ലാൻ ആയി സർക്കാർ കൂട്ടിനൽകുന്ന വ്യവസ്ഥ നിർത്തലാക്കിയിട്ടുണ്ടോ?

സർവ്വകലാശാലകൾക്ക് ഗ്രാന്റ് തീരുമാനിക്കുന്ന ഉന്നതാധികാര കമ്മിറ്റിയുടെ ശിപാർശ പ്രകാരം സർവ്വകലാശാലകൾക്ക് 5% മുതൽ 20% വരെ വിവിധ നിരക്കിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്മേൽ നോൺപ്ലാൻ സാലറി/നോൺപ്ലാൻ നോൺ സാലറി ഇനത്തിൽ മാത്രമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്.